**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6074 — 20.11.2019 ലെ മറുപടിയ്ക്ക്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്ക് വിദേശ തൊഴിൽ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എ. എൻ. ഷംസീർ | | എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ മന്ത്രി | |
| (എ) | അഭ്യസ്തവിദ്യരും ഏതെങ്കിലും തൊഴിൽ മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ചതുമായ പട്ടികജാതി/പട്ടികവർഗ്ഗ യുവതീ -യുവാക്കൾക്ക് വിദേശത്ത് തൊഴിൽ നേടാൻ എന്തെല്ലാം സഹായങ്ങളാണ് സർക്കാർ ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ; ഈ സഹായം ലഭിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (എ) | അഭ്യസ്തവിദ്യരും ഏതെങ്കിലും മേഖലയിൽ നൈപുണ്യവും പരിശീലനവും ലഭിച്ചതുമായ പട്ടികജാതി യുവതീ-യുവാക്കൾക്ക് വിദേശത്ത് തൊഴിൽ തേടി പോകുന്നതിനുള്ള യാത്രാ സംബന്ധമായ ചെലവുകൾക്ക് വകുപ്പ് ഒരു ലക്ഷം രൂപ ധനസഹായം നൽകി വരുന്നുണ്ട്. ഇതിനായുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു.<br>1) വിദേശത്ത് തൊഴിൽ ചെയ്യാൻ താല്പര്യമുള്ള യുവതിയുവാക്കളായിരിക്കണം.<br>2) വിദഗ്ധ ജോലിയ്ക്ക് (Skilled Labour) പോകുന്നവർ അവർക്ക് ലഭിച്ചിട്ടുള്ളതും കൈവശമുള്ളതുമായ സർട്ടിഫിക്കറ്റുകൾ അംഗീകൃത ബോർഡ്, യൂണിവേഴ്സിറ്റി, സാങ്കേതിക സ്ഥാപനങ്ങളിൽ നിന്നുള്ളവ ആയിരിക്കണം.<br>3) അപേക്ഷകർ ഇന്ത്യൻ പാസ്പോർട്ട് ലഭിച്ചിട്ടുള്ളവരായിരിക്കണം.<br>4) വിദേശത്ത് ജോലി ചെയ്യുന്നതിനാവശ്യമായ വിസ ലഭിച്ചിരിക്കണം.<br>5) എമിഗ്രേഷൻ ആവശ്യമുള്ളപക്ഷം ആയത് നേടുന്നതിന് നടപടി സ്വീകരിച്ചിരിക്കണം<br>6) അവിദഗ്ധ തൊഴിലവസരം തേടുന്നവരെയും പരിഗണിക്കും<br>7) വാർഷിക വരുമാനം 2.50 ലക്ഷം രൂപയിൽ താഴെയുള്ളവരെ ഈ പദ്ധതി പ്രകാരം പരിഗണിക്കും.<br>8) ഈ പദ്ധതി പ്രകാരം ഒരു ഗുണഭോക്താവിന് ഒരു പ്രാവശ്യം മാത്രമേ ആനുകൂല്യത്തിന് | |

| | | | |
|---|---|---|---|
| | | | അർഹതയുണ്ടായിരിക്കുകയുള്ളൂ.<br><br>കൂടാതെ പട്ടികജാതിക്കാർക്ക് വിദേശത്ത് Oil & Rig മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്ന Pipe fabricator /fitter, Industrial elelctrician കോഴ്സുകൾ, ഹോട്ടൽ മാനേജ്മെന്റ് മേഖലയിൽ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ്, Food Production Course, നഴ്സിംഗ് മേഖലയിൽ വിദേശത്ത് തൊഴിൽ ലഭിക്കുന്നതിന് സാധ്യത ഒരുക്കുന്ന NEP/FNEP/IELTS, ANEP, OET മുതലായ പരിശീലനങ്ങളും വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കി വിദേശത്ത് പ്ലെയിസ്മെന്റ് ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ